## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 905** — **05.03.2018-ൽ മറുപടിക്ക്**

### നെട്ടൂർ-കുണ്ടന്നൂർ സമാന്തരപാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ-കുണ്ടന്നൂർ സമാന്തരപാലത്തിന്റെ അലൈൻമെന്റും ഡിസൈനും എന്നാണ് അംഗീകരിച്ചതെന്ന് അറിയിക്കുമോ; | (എ) 30/03/2013 |
| (ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ; | (ബി) 03/10/2013 |
| (സി) പ്രസ്തുത നിർമ്മാണം എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് അറിയിക്കുമോ; | (സി) 24 മാസം |
| (ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നീണ്ടു പോകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കുമോ;<br>(ഇ) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | (ഡി) & (ഇ) കുണ്ടന്നൂർ ഭാഗത്ത് പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സംരക്ഷണ ഭിത്തിക്കരികിൽ നിന്നും ജനറം കുടിവെള്ള പൈപ്പിലെ ചോർച്ച മൂലം പണി തുടരാൻ സാധിക്കുന്നില്ല. കൂടാതെ നെട്ടൂർ ഭാഗത്ത് നിലിവിലുള്ള അലൈൻമെന്റ്, ചവിട്ടുപടിയുടെ സമീപത്തു നിന്നും മാറ്റി നിർമ്മിക്കാൻ ബഹുമാനപ്പെട്ട എം.സ്വരാജ് എം.എൽ.എ-യും മറ്റു ജന പ്രതിനിധികളും ആവശ്യപ്പെട്ടതുപ്രകാരം നാഷണൽ ഹൈവേയിൽ നിന്നും എൻ.ഒ.സി-യ്ക്കും പുതിയ അലൈൻമെന്റിന്റെ അനുമതി ലഭിക്കുന്നതിനും വേണ്ടി ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ